*നമ്പർ.സി5/7/2014/ഡി.പി.ഐ.*

പൊതുവിദ്യാഭ്യാസ ഡയറക്ടറേറ്റ്,
തിരുവനന്തപുരം., തീയതി.05/03/2014.

## സർക്കുലർ

വിഷയം : പൊതുവിദ്യാഭ്യാസം - ജീവനക്കാര്യം - ജൂനിയർ സൂപ്രണ്ടുമാരുടെ പൊതുസ്ഥലംമാറ്റം - അപേക്ഷ ക്ഷണിക്കുന്നത് - സംബന്ധിച്ച്

സൂചന :

പൊതുവിദ്യാഭ്യാസ വകുപ്പിലെ ജൂനിയർ സൂപ്രണ്ടുമാരുടെ 2014-15 വർഷത്തെ പൊതുസ്ഥലംമാറ്റത്തിനു വേണ്ടിയുള്ള അപേക്ഷ ഇതോടൊന്നിച്ചുള്ള അപേക്ഷാഫോറത്തിൽ ***31/03/2014-ന് വൈകുന്നേരം 5.00 മണിയ്ക്ക്*** മുൻപായി ഈ ഓഫീസിൽ ലഭിക്കേണ്ടതാണ്. ***വൈകി ലഭിക്കുന്നതും, അപൂർണവും അവ്യക്തവുമായി പൂരിപ്പിച്ച അപേക്ഷകൾ സ്വീകരിക്കുന്നതല്ല.*** പൊതുസ്ഥലംമാറ്റത്തിനായുള്ള അപേക്ഷകൾ ഓഫീസ് മേധാവി സാക്ഷ്യപ്പെടുത്തേണ്ടതാണ്.

സ്ഥലംമാറ്റം ലഭിക്കാൻ ആഗ്രഹിക്കുന്ന ഓഫീസുകളുടെ പേര് വ്യക്തമായി (പരമാവധി ***10 എണ്ണം***) മുൻഗണനാക്രമത്തിൽ ആവശ്യപ്പെടേണ്ടതാണ്/രേഖപ്പെടുത്തേണ്ടതാണ്. ഒന്നിലധികം അപേക്ഷകൾ സമർപ്പിക്കുന്ന അപേക്ഷകരുടെ ആദ്യം ലഭിക്കുന്ന അപേക്ഷ മാത്രമാണ് പരിഗണിക്കുക. പൊതുസ്ഥലംമാറ്റത്തിന് പ്രത്യേക പരിഗണന അർഹിക്കുന്ന ജീവനക്കാർ അനുബന്ധ രേഖകളുടെ പകർപ്പു അപേക്ഷയോടൊപ്പം ഹാജരാക്കേണ്ടതാണ്. അപേക്ഷയിൽ പറഞ്ഞിട്ടുള്ള ഓപ്ഷനുകൾ മാറ്റാൻ അനുവദിക്കുന്നതല്ല. എന്നാൽ ഹയർ ഓപ്ഷൻ രേഖാമൂലം ക്യാൻസൽ ചെയ്യാവുന്നതാണ്. ***സർവ്വീസിൽ നിന്നും വിരമിക്കാൻ ഒരു വർഷം മാത്രം ശേഷിക്കുന്നവർ ആ വിവരം അപേക്ഷയുടെ മുകളിലായി ചുവന്ന മഷിയിൽ രേഖപ്പെടുത്തേണ്ടതാണ്.***

***(പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ ഉത്തരവിൻ പ്രകാരം)***

(ഒപ്പ്)
**സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ**

// അംഗീകാരത്തോടെ //

സൂപ്രണ്ട്

പകർപ്പ് :

1. എല്ലാ വിദ്യാഭ്യാസ ഉപഡയറക്ടർമാർക്കും
2. ജോയിന്റെ കമ്മീഷണർ, പരീക്ഷാ ഭവൻ
3. ടെക്സ്റ്റ്ബുക്ക് ഓഫീസർ, തിരുവനന്തപുരം.

# കുറിപ്പ്

1. സർവ്വീസിൽ നിന്നും വിരമിക്കാൻ ഒരു വർഷം മാത്രം ശേഷിക്കുന്ന ജൂനിയർ സൂപ്രണ്ടുമാരെ അവർ ആഗ്രഹിക്കുന്ന/ആവശ്യപ്പെടുന്ന ഓഫീസിലേയ്ക്ക് ഒഴിവിന് വിധേയമായി മാനദണ്ഡങ്ങളനുസരിച്ച് സ്ഥലംമാറ്റത്തിന് പരിഗണിക്കുന്നതാണ്.
2. സൂപ്രണ്ടുമാരുടെ പൊതുസ്ഥലംമാറ്റത്തിന് സീനിയോറിറ്റിയും, സർക്കാർ വിജ്ഞാപന പ്രകാരമുള്ള മുൻഗണനയും പരിഗണനാർഹമാണ്.
3. നിലവിലുള്ള യു.ഡി. ക്ലാർക്കുമാരുടെ സീനിയോറിറ്റി റാങ്കാണ് ജൂനിയർ സൂപ്രണ്ടുമാരുടെ സീനിയോറിറ്റിയായി കണക്കാക്കുന്നത്.
4. ജൂനിയർ സൂപ്രണ്ടുമാരുടെ സ്ഥലംമാറ്റ/സ്ഥാനക്കയറ്റ ഉത്തരവ് വിദ്യാഭ്യാസ വകുപ്പിന്റെ ഔദ്യോഗിക വെബ്ബ്സൈറ്റിൽ നിന്നും (www.education.kerala.gov.in) ഡൗൺലോഡ് ചെയ്ത് പകർപ്പ് സഹിതം പുതിയ ഓഫീസിൽ ജോലിയിൽ പ്രവേശിക്കാവുന്നതാണ്.
5. അന്യത്ര സേവനകാലം സ്ഥലംമാറ്റത്തിനുള്ള സീനിയോരിറ്റിയ്ക്കു വേണ്ടി പരിഗണിക്കുന്നതല്ല.

# APPLICATION FOR GENERAL TRANSFER OF JUNIOR SUPERINTENDENTS 2014-15

| | | | | |
|---|---|---|---|---|
| 1. | Name & Contact No. | : | | |
| 2. | Name of Office | : | | |
| 3. | Date of Birth | : | | |
| 4. | Date of Retirement | : | | |
| 5. | Rank No. & year in the seniority list of U.D. Clerk | : | | |
| 6. | Native District/Place | : | | |
| 7. | Was the posting to the present office on request | : | | |
| 8. | Total service in the present post | : | | |
| 9. | Total service at present station | : | | |
| 10. | Name of 10 offices to which transfer is required in the order of preference | : | 1.<br>2.<br>3.<br>4.<br>5.<br>6.<br>7.<br>8.<br>9.<br>10. | |
| 11. | Whether the applicant is eligible for preferences and if so, give details with documents | : | | |

***Signature with date***

---

**Recommendation of the Head of office**